ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി&സി) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച ആറ് കോടി രൂപയുടെ പ്ലാൻ ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപ്പെടുത്തലിന് വേണ്ടിയും റിപ്പോർട്ടിനുമായി 2-2-2015-ൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാനാകൂ.

ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ട്രോമകെയർ, ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ

59 (751) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ട്രോമകെയർ, ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; നടപടി ഏതുഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി, എക്സ്റേ യൂണിറ്റ്, സ്വീവേജ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(സി) 10 കിടക്കകളോടുകൂടി ഐ.സി.യു-വും ബയോകെമിസ്റ്റി ഓട്ടോ അനലൈസറും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ട്രോമാകെയറിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 13.45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) എക്സ്റേ യൂണിറ്റിനായുള്ള സ്ഥലം നിശ്ചയിക്കുന്നതിന് പൊതുമരാമത്ത് അധികാരികൾ ആശുപത്രി സന്ദർശിച്ചിരുന്നു. കാരുണ്യ ഫാർമസിയുടെ കെട്ടിടം പണി പൂർത്തീകരിച്ച് നിർമ്മിതികേന്ദ്രം ഇതുവരെ കൈമാറിയിട്ടില്ല. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനായി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും എം.എസ്.

LIBRARY ARCHIVES Kerala Legislative Assembly

സസ്റ്റെനബിൾ സിസ്റ്റം (പ്രൈവറ്റ് ലിമിറ്റഡ്) എന്ന കൺസൾട്ടൻസിയുമായി ചേർന്ന് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കംപ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീൻ വാങ്ങുന്നതിന് 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പേരാവൂർ താലൂക്ക് ആശുപത്രിയിൽ കാഷ്വാൽറ്റി

60 (752) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഷ്വാലിറ്റി സൗകര്യങ്ങൾ ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി ആരംഭിക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പേരാവൂർ താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കാഷ്വാലിറ്റി സൗകര്യമില്ലാത്ത താലൂക്ക് ആശുപത്രികളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് വിവിധ പി.എച്ച്.സി.കളിലും സി.എച്ച്.സി.-കളിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലുമായി ധാരാളം പോസ്റ്റുകൾ ആശുപത്രിയുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിരുന്നു. വീണ്ടും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ, ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്തുത വാഗ്ദാനം പൂർണ്ണമായും നടപ്പാക്കാനായില്ല. ജോലിഭാരം കുറഞ്ഞ ആശുപത്രികളിൽനിന്നും അവിടുത്തെ ഒ.പി./ഐ.പി. ആവശ്യകത വിലയിരുത്തിയശേഷം താലൂക്ക് ആശുപത്രികളിലേയ്ക്ക് ഡോക്ടർമാരുടെ കഴിയുന്നത്ര തസ്തികകൾ റീ-ഡിപ്ലോയ് ചെയ്യുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ബി) സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്കുമാത്രമേ ഇക്കാര്യം നടപ്പിലാക്കാനാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly